മരുഭൂമിയിലെ പരുമല

ST.GREGORIOS ORTHODOX CHURCH
SHARJAH

പെരുന്നാൾ മഹാമഹവും

പുനഃനിർമ്മിച്ച പരി. മദ്ബഹായുടെ കൂദാശയും

ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും

2026 നവംബർ 01 മുതൽ 08 വരെ



Private Circulation Only

പെരുന്നാൾ മഹാമഹം

പരിശുദ്ധനായ പരുമല കൊച്ചു തിരുമേനിയുടെ തിരുശേഷിപ്പിനാൽ അനുഗ്രഹീതമായി മരുഭൂമിയിലെ പരുമലയായി പരിലസിക്കുന്ന ദേവാലയത്തിലെ അംഗങ്ങൾ ആണ് നമ്മൾ എന്ന് അഭിമാനിക്കാം. 1995 ൽ ആണ് നമ്മുടെ ദേവാലയം പണിതു കൂദാശ ചെയ്തത്. അതിനു ശേഷം 2009 ൽ പള്ളിയുടെ മുഖവാരം മുളന്തുരുത്തി പള്ളിയുടെ മാതൃകയിൽ നിർമ്മിച്ച് കൂദാശ ചെയ്തു. 2025 ലെ പൊതുയോഗ തീരുമാനം അനുസരിച്ചു വിശുദ്ധ മദ്ബഹാ അതിന്റെ പരിപാവനതയോടുകൂടി വളരെ മനോഹരം ആയി പുന:നിർമ്മിച്ചിരിക്കുന്നു.

'ക്രൂബേന്മാരുടെ തേരതുപോലെ സ്ഥിരമീ മദ്ബഹാ
സ്വർഗ്ഗത്തിൻ സേനകളുണ്ടതിനെ ചുറ്റിക്കൊണ്ട് '

വിശുദ്ധ കുർബ്ബാനയിൽ ഉപയോഗിക്കുന്ന ഈ ഗീതത്തിന്റെ അർഥവത്തായ വരികൾ മദ്ബഹായുടെ എല്ലാ വിശുദ്ധിയേയും പ്രാധാന്യത്തെയും എടുത്തു പറയുന്നു. ആ വിശുദ്ധ സ്ഥലം എത്രമാത്രം വിശുദ്ധമാണ് എന്നത് വിശ്വാസികൾ എപ്പോഴും ഓർക്കേണ്ട വസ്തുതയാണ് !

ഒരു വിശ്വാസിക്ക് വിശുദ്ധ ദേവാലയത്തിലേക്കു കടന്നു വരുമ്പോൾ, വിശുദ്ധ മദ്ബഹായിലേക്കു നോക്കുമ്പോൾ അവരുടെ കണ്ണുകളിൽ ലഭിക്കുന്ന ആത്മീയ അനുഭൂതി വളരെ പ്രാധാന്യം അർഹിക്കുന്നു. ആ ഒരു ദിവ്യ ചൈതന്യം അനുഭവിച്ചുകൊണ്ട് അവന്റെ സന്തോഷങ്ങളും, പ്രയാസങ്ങളെയും പ്രതിസന്ധികളെയും ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ആത്മീയ സംതൃപ്തി, അത് അവർണ്ണനീയമാണ്...

പള്ളി പണിയുന്നത് മനുഷ്യ കരങ്ങളിലൂടെ ദൈവമാണ്. നസ്രായ പാരമ്പര്യത്തിൽ പള്ളി രൂപകല്പന ചെയ്യുന്നത് സഭയാണ്. മാതൃസഭയുടെ ദൈവശാസ്ത്രവും ചൈതന്യവും പാരമ്പര്യവുമാണ് പള്ളി നിർമ്മാണത്തിൽ ദർശിക്കേണ്ടത്. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നാണ് നസ്രാണികൾക്ക് ഈ ചൈതന്യം ലഭിച്ചത്. ആ ചൈതന്യം ഉൾക്കൊണ്ട് നമ്മൾ നമ്മുടെ ദേവാലയത്തിലെ പിതാവാം ദൈവത്തിന്റെ സിംഹാസനത്തെ മനോഹരമായി നിർമ്മിച്ചിരിക്കുന്നു. ദൈവാനുഗ്രഹവും, അനേകം വിശ്വാസികളുടെ പ്രാർത്ഥനയും സഹകരണവും കൊണ്ടാണ് നമുക്ക് വിശുദ്ധ മദ്ബഹാ പുന:നിർമ്മിക്കുവാൻ സാധിച്ചത്. അതിനു നേതൃത്വം നൽകിയവർക്ക്, പണിതവർക്കു എല്ലാവിധ അനുഗ്രഹങ്ങളും ദൈവംതമ്പുരാൻ നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഗോൾഡൻ ജൂബിലി വർഷത്തിലേക്കു കടക്കുന്നതിനു മുൻപായി വി. ദേവാലയം മാനുഷികമായി കഴിയുന്ന രീതിയിൽ നവീകരിച്ചു തിരുസന്നിധിയിൽ സമർപ്പിക്കുന്നു.



INVITATION

പ്രിയരെ,

തന്റെ ജീവിതവും തപസ്സും കൊണ്ട് മലങ്കര മണ്ണിൽ വിശുദ്ധിയുടെ നിത്യവസന്തം തീർത്ത പരിശുദ്ധ പരുമല തിരുമേനിയുടെ (ഗീവർഗീസ് മാർ ഗ്രീഗോറിയോസ്) പാവനമായ ഓർമ്മയിൽ, പ്രവാസി ഹൃദയങ്ങളിൽ ആത്മീയ നിറവിന്റെ പുതുവസന്തം തീർത്തുകൊണ്ട് മരുഭൂമിയിലെ പരുമലയായി പരിലസിക്കുന്ന ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയം വീണ്ടുമൊരു പെരുന്നാൾ മഹോത്സവത്തിലേക്ക് പ്രവേശിക്കുകയാണ്.

മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പുണ്യ നാമത്തിൽ 1978ൽ, ഷാർജയിൽ സ്ഥാപിതമായ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ പുന:നിർമ്മിച്ച പരിശുദ്ധ മദ്ബഹായുടെ കൂദാശയും, ഇടവക പെരുന്നാളും, സ്ഥാപിതമായതിന്റ അമ്പത് വർഷം 2028ൽ തികയുന്ന ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും, 2026 നവംബർ 1 മുതൽ 8 വരെ തീയതികളിൽ ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്

ദിവ്യകാരുണ്യത്തിന്റെ അരുവിയിൽ ആത്മാവിനെ ശുദ്ധീകരിക്കുവാനും, വിശുദ്ധ പിതാവിന്റെ ശക്തമായ മദ്ധ്യസ്ഥതയാൽ സർവ്വശക്തന്റെ കൃപാവരങ്ങളും അനുഗ്രഹങ്ങളും സൗഖ്യവും ആവോളം പ്രാപിക്കുവാനും ഈ പെരുന്നാളിൽ പങ്കുചേർന്ന് ദൈവകൃപ നേടുവാനും ഏവരെയും സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു.

പെരുന്നാൾ ആശംസകളോടെ

ഫാ.ഡോ. അഡ്വ. ഷാജി ജോർജ് കോർ എപ്പിസ്കോപ്പാ
വികാരി

ഫാ. റോബിൻസ് ഡാനിയേൽ
സഹവികാരി

അജി കോശി വർഗീസ്
ട്രസ്റ്റി

ഷാജി ജോർജ്
സെക്രട്ടറി

മാത്യു എബ്രഹാം
കൂദാശ കമ്മിറ്റി ജനറൽ കൺവീനർ

ഷിബി കുര്യൻ & റോജി കെ ജോൺ
പെരുന്നാൾ കൺവീനേഴ്സ്



പെരുന്നാൾ മഹാമഹം

കാര്യപരിപാടികൾ

2026 ഒക്ടോബർ 31 ശനി

07.00 pm : സന്ധ്യാനമസ്കാരം

07.45 pm : ഗാനശുശ്രൂഷ (Church Choir)

: ഒരുക്കധ്യാനം

റവ.ഫാ.ലിജിൻ എബ്രഹാം
(സഹവികാരി, സെയ്ന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, തുമ്പമൺ)

: സമർപ്പണ പ്രാർത്ഥന

2026 നവംബർ 01 ഞായർ

06.15 am : രാത്രിനമസ്കാരം

: പ്രഭാത നമസ്കാരം

: വി. കുർബ്ബാന

: കൊടിയേറ്റ്

06.15 pm : സന്ധ്യാനമസ്കാരം

: വി. കുർബ്ബാന (പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മദിനം)

2026 നവംബർ 02 തിങ്കൾ

07.00 pm : സന്ധ്യാനമസ്കാരം

2026 നവംബർ 03 ചൊവ്വ

07.00 pm : സന്ധ്യാനമസ്കാരം

: മദ്ധ്യസ്ഥ പ്രാർത്ഥന

07.55 pm : ഗാനശുശ്രൂഷ (SDOF)

08.10 pm : **വചന ശുശ്രൂഷ**

റവ.ഫാ. വി. ജി. കോശി വൈദ്യൻ (SDOF കേന്ദ്ര പബ്ലിഷർ വികാരി, സെയ്ന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്, ശൂരനാട്)



“ദൈവത്തോട് ചോദിച്ചു നടക്ക, പിതാവിനോടും ചോദിക്ക. പിതാവ് വിട്ടാൽ ദൈവവും വിടും ദൈവത്തെ ഭയപ്പെടണം. സാത്താനെ പേടിക്കരുത്. ശത്രുവിനെ സ്നേഹിക്കണം. ബന്ധുക്കളെ ശത്രുക്കൾ ആക്കരുത്.”

പെരുന്നാൾ മഹാമഹം

2026 നവംബർ 04 ബുധൻ

07.00 pm : സന്ധ്യാനമസ്കാരം
07.45 pm : ഗാനശുശ്രൂഷ (Church Choir)
08.00 pm **: വചന ശുശ്രൂഷ**
റവ. ഫാ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

2026 നവംബർ 05 വ്യാഴം

07.00 pm : സന്ധ്യാനമസ്കാരം
: മദ്ധ്യസ്ഥ പ്രാർത്ഥന
07.55 pm : ഗാനശുശ്രൂഷ (Church Choir)
08.10 pm **: വചന ശുശ്രൂഷ**
അഭി. ഗീവർഗീസ് മാർ പീലക്സിനോസ്
ഇടവക മെത്രാപ്പോലീത്ത (മദ്രാസ് ഭദ്രാസനം)

2026 നവംബർ 06 വെള്ളി

06.45 pm : സന്ധ്യാനമസ്കാരം
: വി. കുർബ്ബാന
റവ. ഫാ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)



"വാശിയും വഴക്കും വലിഷവും ഭാവവും പള്ളിസംബന്ധമായ കാര്യത്തിൽ ഒരിക്കലും വിചാരിക്കാതെ അവനവന്റെ താഴ്മയെ ശോഭിപ്പിച്ചും ദൈവത്തിൽ ആശ്രയിച്ചും ബഹുജനങ്ങളെ തൃപ്തിപ്പെടുത്തിയും നടക്കുന്നവർ ഭാഗ്യവാന്മാർ"



2026 നവംബർ 07 ശനി

10.00 am : **ഏക്യുമെനിക്കൽ മീറ്റിംഗ്**

(ഷാർജയിലെ വിവിധ ദേവാലയങ്ങളിലെ വികാരിമാരെ പങ്കെടുപ്പിച്ചുകൊണ്ട്)

05.30 pm : അഭി. മെത്രാപ്പോലീത്താമാരെ സ്വീകരിച്ചാനയിക്കുന്നു.

06.00 pm : പദയാത്രാ സംഘങ്ങൾക്ക് സ്വീകരണം.

06.30 pm : സന്ധ്യാനമസ്കാരം.

07.00 pm : **പുനഃനിർമ്മിച്ച വിശുദ്ധ മദ്ബഹാ കൂദാശ**

അഭി. ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്ത (മുഖ്യ കാർമ്മികൻ)

അഭി. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്ത (സഹ കാർമ്മികൻ)

അഭി. ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത (സഹ കാർമ്മികൻ)

08.45 pm : **ഭക്തിനിർഭരമായ പ്രദക്ഷിണം.**

09.30 pm : ശ്ലൈഹിക വാഴ്വ്, ആശീർവാദം
സ്നേഹവിരുന്ന്

2026 നവംബർ 08 ഞായർ

06.00 am : രാത്രിനമസ്കാരം.

06.45 am : പ്രഭാത നമസ്കാരം.

07.45 am : **വി. മൂന്നിന്മേൽ കുർബാന**

അഭി. ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്ത (മുഖ്യ കാർമ്മികൻ)

അഭി. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്ത (സഹ കാർമ്മികൻ)

അഭി. ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത (സഹ കാർമ്മികൻ)

: MGOCSM Patrons Day (പ്രത്യേക പ്രാർത്ഥന)

10.15 am : ആശീർവാദം, കൈമുത്ത്
നേർച്ചവിളമ്പ്
കൊടിയിറക്ക്

11.30 am : വിശിഷ്ടാതിഥികളെ വാദ്യമേളങ്ങളുടെ
അകമ്പടിയോടുകൂടി സ്വീകരിച്ചാനയിക്കുന്നു.

11.45 am : **പൊതുസമ്മേളനം**
മുഖ്യാതിഥികൾ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. സ്പീക്കർ, നിയമസഭ, കേരളം)
ഡോ. ഇ. വിഷ്ണു വർദ്ധൻ റെഡ്ഡി
(ബഹു. കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ, ദുബായ്)

01.30 pm : സ്നേഹവിരുന്ന്

അൻപതാണ്ടിന്റെ
സുവർണസ്മരണകൾക്ക് തിരിതെളിയുന്നു

വിശ്വാസത്തിന്റെ മണൽപരപ്പിൽ അരനൂറ്റാണ്ടിന്റെ സ്വർണ്ണവെളിച്ചം വിതറി, പ്രാർത്ഥനയുടെയും പുണ്യത്തിന്റെയും പെരുമയുമായി, മരുഭൂമിയിലെ പരുമലയുടെ സുവർണ്ണ ജൂബിലി മഹോത്സവത്തിലേക്ക് ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.


നമ്മുടെ വിശിഷ്ടാതിഥികൾ




ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ബഹു. സ്പീക്കർ, നിയമസഭ, കേരളം




ഡോ. ഇ. വിഷ്ണു വർദ്ധൻ റെഡ്ഡി
ബഹു, കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യാ, ദുബായ്



അഭി. ഡോ.യാക്കോബ് മാർ ഐറേനിയസ്
കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത



അഭി. ഡോ. യൂഹാനോൻ മാർ ദിമത്രിയോസ്
ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത



അഭി. ഗീവർഗീസ് മാർ പീലക്സിനോസ്
ഇടവക മെത്രാപ്പോലീത്ത (മദ്രാസ് ഭദ്രാസനം)



റവ.ഫാ. ഡോ. സജി വർഗീസ് അമയിൽ
വൈദീക ട്രസ്റ്റി



ശ്രീ. റോണി വർഗീസ്
അൽമായ ട്രസ്റ്റി



അഡ്വ. ബിജു ഉമ്മൻ
മലങ്കര അസോസിയേഷൻ സെക്രട്ടറി

പെരുന്നാൾ മഹാമഹം

“ഹൃദയം നിറഞ്ഞ ഭക്തിയോടെ ചൊല്ലുന്ന പ്രാർത്ഥന ദൈവം കൈക്കൊള്ളുകയും, ഒരു അനുഗ്രഹ രൂപിയായി അത് നമുക്ക് തിരികെ ലഭിക്കുകയും ചെയ്യും. ”

പരി. ഗ്രീഗോറിയോസ് തിരുമേനി



• പെരുന്നാൾ ദിവസം എല്ലാ ഭവനങ്ങളിൽ നിന്നും നേർച്ചയപ്പം കൊണ്ടുവരേണ്ടതാണ്.

• പെരുന്നാൾ ദിവസങ്ങളിൽ വി. കുമ്പസാരത്തിന് അവസരം ഉണ്ടായിരിക്കുന്നതാണ്.